ഹയർ സെക്കണ്ടറി വിഭാഗത്തിലെ ഒഴിവുകൾ

43 (3766) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിഭാഗത്തിൽ പ്രിൻസിപ്പൽ, അദ്ധ്യാപകർ, ലാബ് അസിസ്റ്റന്റുമാർ എന്നിവരുടെ എത്ര ഒഴിവുകളുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രിൻസിപ്പൽമാരുടെ പ്രൊമോഷൻ ലിസ്റ്റ് നിലവിലുണ്ടോ എന്നും ഉണ്ടെങ്കിൽ ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ;

(സി) എൽ.പി., യു.പി., ഹൈസ്കൂൾ എന്നിവിടങ്ങളിൽ നിന്നും ഹയർ സെക്കണ്ടറി വിഭാഗത്തിലേക്കുള്ള അദ്ധ്യാപകരുടെ പ്രൊമോഷൻ ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ഏതൊക്കെ വിഷയങ്ങളിലെ അദ്ധ്യാപകരുടെ ലിസ്റ്റ് ആണ് നിലവിലുള്ളതെന്നും നിയമന നടപടി ഏതുവരെ ആയി എന്നും വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി വിഭാഗത്തിൽ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരുടെ 118 ഒഴിവുകളും അദ്ധ്യാപകരുടെ 1997 ഒഴിവുകളും ലാബ് അസിസ്റ്റന്റുമാരുടെ 151 ഒഴിവുകളുമാണുള്ളത്.

(ബി) ഇല്ല.

(സി) എൽ.പി., യു.പി., ഹൈസ്കൂൾ എന്നിവിടങ്ങളിൽനിന്നും ഹയർ സെക്കണ്ടറി വിഭാഗത്തിലേക്കുള്ള അദ്ധ്യാപകരുടെ പ്രൊമോഷൻ ലിസ്റ്റ് നിലവിലുണ്ട്. ഇവയിൽ ഫിസിക്സ്, കെമിസ്ട്രി, കോമേഴ്സ്, ഇംഗ്ലീഷ്, കമ്പ്യൂട്ടർ സയൻസ്, മലയാളം, സംസ്കൃതം, പൊളിറ്റിക്കൽ സയൻസ്, ഹിസ്റ്ററി, ജേർണലിസം, സൈക്കോളജി, സോഷ്യൽ വർക്ക്സ്, ബോട്ടണി, സുവോളജി, ഫിലോസഫി, ഹോം സയൻസ്, ഹിന്ദി, അറബിക്, കണക്ക്, ഇക്കണോമിക്സ് എന്നീ വിഷയങ്ങൾക്ക് 2011 വരെയുള്ള ഒഴിവുകളിലെ നിയമനത്തിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇവയിലെ എൻ.ജെ.ഡി. ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly